# വ്യവസായ കേരളം

83

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 MAY 2025


## എന്റെ കേരളം പ്രദർശന വിപണന മേള

# ആവേശമായി വ്യവസായ വാണിജ്യ വകുപ്പും

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെയും 'എന്റെ കേരളം' പ്രദർശന വിപണനമേളയുടെയും സംസ്ഥാനതല ഉദ്ഘാടനം 2025 ഏപ്രിൽ 21 ന് കാസർകോട് കാലിക്കടവിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. 2025 ഏപ്രിൽ 21 ന് തുടങ്ങി മെയ് 24 വരെ സംഘടിപ്പിക്കുന്ന നാലാം വാർഷികാഘോഷത്തിൽ 40 ദിവസത്തെ പരിപാടികളാണ് ഒരുക്കിയിട്ടുള്ളത്. വെറും ആഘോഷ പരിപാടികൾക്ക് അപ്പുറം കേരളത്തെ ഇനിയും ഊർജ്ജസ്വലമായി മുന്നോട്ട് നയിക്കാനും ജനകീയ ഇടപെടലിന്റെ സാധ്യകളിലൂടെ എല്ലാ മേഖലകളെയും ഉണർവ്വിന്റെ ഭാഗമാക്കാനും ഉതകുന്ന വിധമാണ് പരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. വാർഷികാഘോഷത്തിന്റെ ഭാഗമായി എല്ലാ ജില്ലയിലും ബഹു. മുഖ്യമന്ത്രി പങ്കെടുക്കുന്ന യോഗവും പ്രദർശന വിപണന മേളയുമുണ്ടാകും. തിരുവനന്തപുരത്താണ് സമാപനം.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ തീം പവലിയൻ ഉൾപ്പെടെ ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ, പ്ലാന്റേഷൻ ഡയറക്ടറേറ്റ്, ഹാൻഡ്‌ലൂം & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്, കയർ വികസന വകുപ്പ്, മൈനിങ് & ജിയോളജി വകുപ്പ് ഉൾപ്പെടെയുള്ള വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ ഭരണ നേട്ടങ്ങൾ പ്രദർശിപ്പിച്ചും സേവനങ്ങൾ ഒരുക്കിയും വിവിധ സ്റ്റാളുകളും പരിപാടിയോടനുബന്ധമായി ഒരുക്കിയിട്ടുണ്ട്.



എന്റെ കേരളം പ്രദർശന വിപണന മേളയുടെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുന്നു..



എന്റെ കേരളം പ്രദർശന വിപണന മേളയുടെ ഭാഗമായി ഒരുക്കിയ വ്യവസായ വകുപ്പിന്റെ സ്റ്റാൾ

## ആഗോള നിക്ഷേപക ഉച്ചകോടി 4410 കോടിയുടെ 13 പദ്ധതി അടുത്ത മാസം

ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയിൽ നിക്ഷേപ വാഗ്ദാനം ലഭിച്ചതിൽ 4410 കോടി രൂപയുടെ 13 പദ്ധതികൾക്ക് അടുത്ത മാസം (2025 മെയ് ) തുടക്കമാകും. 2025 ഏപ്രിൽ 26 ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തുടർനടപടികൾ വ്യക്തമാക്കിയത്. ബിപിസിഎൽ, അദാനി ലോജിസ്റ്റിക്സ്, അവിഗ്നാ ലോജിസ്റ്റിക്സ്, അത്താച്ചി, സ്വിസ്റ്റൺ, സതർലാന്റ്, ഗാഷ സ്റ്റീൽസ്, കൃഷ്ണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ഇന്ദ്രപ്രസ്ഥ തുടങ്ങി 13 കമ്പനികളുടെ പദ്ധതികൾക്കാണ് മേയ് മാസത്തിൽ തറക്കല്ലിടുക. പദ്ധതികൾക്ക് തുടക്കം കുറിക്കുക വഴി 9700 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് കണക്കാക്കപ്പെടുന്നത്.

ഇതിനകം 1385 കോടി രൂപയുടെ പദ്ധതികൾക്ക് തുടക്കമായിരുന്നു. 1000 തൊഴിലവസരം സൃഷ്ടിച്ചു. ഓഗസ്റ്റ് മാസത്തോടെ 8500 കോടി രൂപയുടെ നിക്ഷേപ പദ്ധതികൾ ആരംഭിക്കാനാകും. കൊച്ചി, കണ്ണൂർ, തൃശൂർ ജില്ലകളിൽ ജോയ് ആലുക്കാസ്, ഇവാനി ഇൻഡസ്ട്രീസ്, എം എസ് പോസിറ്റീവ് ചിപ്പ് ബോർഡ്, എം എസ് വുഡ് അലയൻസ് പാർക് തുടങ്ങിയ സ്ഥാപനങ്ങളുടെ പദ്ധതികളാണ് ആരംഭിച്ചത്.

2025 ഫെബ്രുവരിയിൽ നടന്ന ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയിലൂടെ ഇന്ത്യയിലെയും വിദേശത്തെയും കമ്പനികളിൽ നിന്നായി 1.96 ലക്ഷം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് ഇതുവരെ കേരളത്തിന് ലഭിച്ചത്. ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ ഇത്രയും നിക്ഷേപവാഗ്ദാനം യാഥാർത്ഥ്യമാക്കാനുള്ള ശ്രമത്തിലാണ് സംസ്ഥാന സർക്കാരും വ്യവസായ വാണിജ്യ വകുപ്പും.




കെഎസ്ഐഡിസി എംഡി ശ്രീ. മിർ മുഹമ്മദ് അലി ഐ.എ.എസ്, എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ആർ.ഹരികൃഷ്ണൻ, കിൻഫ്ര എംഡി ശ്രീ. സന്തോഷ് കോശി തോമസ്, കെഎസ്ഐഡിസി ജനറൽ മാനേജർ ശ്രീ. വർഗീസ് മലക്കാരൻ എന്നിവർ പരിപാടിയിൽ സന്നിഹിതരായിരുന്നു.

# വേഗം ആർജ്ജിച്ചു, ശക്തി പ്രാപിച്ചു
# കൊച്ചി – ബംഗളൂരു വ്യവസായ ഇടനാഴി

കൊച്ചി - ബംഗളൂരു വ്യവസായ ഇടനാഴിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് വേഗത പകർന്നുകൊണ്ട് സംസ്ഥാന ഓഹരിയായി പാലക്കാട് താലൂക്കിലെ പുതുശ്ശേരിയിൽ 220 ഏക്കർ ഭൂമി കൂടി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറി. ഇതിന് മുൻപ് 105.2631 ഏക്കർ ഭൂമി സംസ്ഥാന ഓഹരി ആയി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിരുന്നു.

2021 നവംബറിലാണ് പദ്ധതിക്കായി ആദ്യ ഭൂമി രജിസ്റ്റർ ചെയ്യുന്നത്. വളരെ പെട്ടെന്നുതന്നെ ഭൂമി ഏറ്റെടുക്കൽ കിൻഫ്ര പൂർത്തിയാക്കി. പദ്ധതിക്കാവശ്യമായ 1710 ഏക്കർ ഭൂമിയും സംസ്ഥാനം ഏറ്റെടുക്കുകയും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡിന് 105.26 ഏക്കർ ഭൂമി കൈമാറുകയും ചെയ്തു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള 1789.92 കോടി രൂപ സംസ്ഥാനമാണ് വഹിച്ചത്. ഈയൊരു പദ്ധതി പൂർത്തിയാകുമ്പോൾ പതിനായിരക്കണക്കിന് കോടി രൂപയുടെ നിക്ഷേപവും ഒരു ലക്ഷത്തിലധികം തൊഴിലുമാണ് കേരളത്തിൽ ഉണ്ടാകാൻ പോകുന്നത്.




## തുടർച്ചയായ മൂന്നാം വർഷവും ലാഭത്തിന്റെ പാതയിൽ
# സിഡ്കോ



സംസ്ഥാന വ്യവസായ വകുപ്പിനു കീഴിലെ പൊതുമേഖലാ സ്ഥാപനമായ കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ) 2024 - 25 സാമ്പത്തിക വർഷം 238 കോടി രൂപയുടെ വിറ്റുവരവും മികച്ച ലാഭവും കൈവരിച്ചിരിക്കുകയാണ്. തുടർച്ചയായ മൂന്നാമത്തെ വർഷമാണ് ഇന്ത്യയുടെ അഭിമാന ബഹിരാകാശ പദ്ധതികളിലുൾപ്പെടെ പങ്കാളിത്തം വഹിച്ച, സിഡ്കോ 200 കോടി രൂപയ്ക്കു മുകളിൽ വാർഷിക വിറ്റുവരവ് നേടുന്നത്.

കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങളെ സുസ്ഥിരലാഭത്തിലേക്ക് എത്തിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെയും സംസ്ഥാന വ്യവസായ വകുപ്പിന്റെയും പ്രവർത്തനങ്ങളുടെ ഫലമാണ് സിഡ്കോയേയും തുടർച്ചയായ ലാഭത്തിന്റെ പാതയിൽ എത്തിക്കാൻ പര്യാപ്തമായത്. ചെറുകിട വ്യവസായ മേഖലയുടെ വളർച്ചയ്ക്കും നവീകരണത്തിനും സിഡ്കോയുടെ വിജയം ഊർജ്ജം പകരും. 2022-23 സാമ്പത്തികവർഷത്തിലാണ് കഴിഞ്ഞ 15 വർഷക്കാലയളവിനുള്ളിൽ സിഡ്കോ ആദ്യമായി ലാഭത്തിലെത്തുന്നത്. 229 കോടി രൂപയുടെ വിറ്റുവരവും 48 ലക്ഷം രൂപയുടെ ലാഭവും നേടുവാൻ പ്രസ്തുത കാലയളവിൽ സിഡ്കോയ്ക്ക് സാധിച്ചു.

## ഉയരെ ഉയരെ
# ഉദ്യം രജിസ്ട്രേഷൻ



ഉദ്യം രജിസ്ട്രേഷനിൽ കേരളത്തിലെ എം.എസ്.എം.ഇ സംരംഭങ്ങളുടെ എണ്ണം 15 ലക്ഷം കവിഞ്ഞു. 2021ൽ കേരളത്തിൽ 85,000 എം.എസ്.എം.ഇ കൾ മാത്രം ഉദ്യം രജിസ്റ്റർ ചെയ്തിരുന്നിടത്താണ് ഇപ്പോൾ 15 ലക്ഷത്തിലധികം സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചിരിക്കുന്നത്. 2021 മുതൽ യൂണിയൻ ഗവൺമെന്റ് ട്രേഡ് നെയും MSME ആയി കണക്കാക്കുന്നുണ്ട്. ഇത് ഉൾപ്പടെയുള്ള മാനദണ്ഡമനുസരിച്ചാണ് സംരംഭങ്ങൾ ഉദ്യം രജിസ്ട്രേഷനിൽ രജിസ്റ്റർ ചെയ്യുന്നത്.

സംരംഭകവർഷത്തിലൂടെ മാത്രം കേരളത്തിൽ കഴിഞ്ഞ 3 വർഷത്തിനിടെ രജിസ്റ്റർ ചെയ്യപ്പെട്ടത് മൂന്നര ലക്ഷം സംരംഭങ്ങളാണ്. സംരംഭകവർഷത്തിലൂടെ അല്ലാതെയും കേരളത്തിൽ കഴിഞ്ഞ നാല് വർഷത്തിനിടെ സംരംഭങ്ങൾ ആരംഭിച്ചു എന്നാണ് ഉദ്യം രജിസ്ട്രേഷനിലെ ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. അതിവേഗത്തിൽ കേരളത്തിലെ എം എസ് എം ഇ മേഖല വളരുകയാണ്. വരും വർഷങ്ങളിൽ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് കൂടുതൽ മുതൽക്കൂട്ടാകും നമ്മുടെ എം എസ് എം ഇ ആവാസവ്യവസ്ഥ.

## മലയാളിയുടെ സ്വകാര്യ അഹങ്കാരമായി
# സ്വകാര്യ വ്യവസായ പാർക്കുകൾ

സംസ്ഥാനത്ത് വ്യവസായ ആവശ്യങ്ങൾക്കുള്ള ഭൂമി ലഭ്യതയുടെ ദൗർലഭ്യം പരിഹരിച്ചു വ്യവസായ കുതിപ്പിന് പുതു ഊർജ്ജം നൽകുന്നതിനായാണ് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുവാൻ വ്യവസായ വാണിജ്യ വകുപ്പ് തീരുമാനിച്ചത്. പദ്ധതി പ്രകാരം ഇതിനോടകം 33 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അംഗീകാരം നൽകുകയും അഞ്ചോളം സ്വകാര്യവ്യവസായ പാർക്കുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു കഴിഞ്ഞു. പാർക്കുകളുടെ നിർമ്മാണം പൂർത്തിയാകുന്നതോടെ ചെറുതും വലുതുമായ നിരവധി നിക്ഷേപങ്ങൾ ഈ പാർക്കുകളിലേക്ക് കടന്നുവരുന്നതിന് സഹായകമാകും.14 ജില്ലകളിലും സ്വകാര്യവ്യവസായ പാർക്കുകളുടെ പ്രവർത്തനം വളരെ വേഗത്തിൽ ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സ്വകാര്യ വ്യവസായ പാർക്ക് സ്ഥാപിക്കാനുള്ള അനുമതി ലഭ്യമായാൽ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർക്ക് സർക്കാർ സഹായം ലഭിക്കും. അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കുന്നതിനായി ഒരു ഏക്കറിന് 30 ലക്ഷം രൂപ എന്ന നിരക്കിൽ പരമാവധി 3 കോടി രൂപ വരെ സർക്കാർ അനുവദിച്ചു നൽകും. സ്വകാര്യ മേഖലയിലും വ്യവസായ പാർക്കുകൾ സ്ഥാപിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥക്ക് പുത്തൻ ഉണർവ്വ് നൽകുന്നതിന് പദ്ധതിയിലൂടെ സാധിക്കും.



Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.